മേലെഴുത്ത് നം. S3/58788/2022/DCE തീയതി 16.02.2023

ഭരണഭാഷ - മാതൃഭാഷ

കോളേജ് വിദ്യാഭ്യാസഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ,
തിരുവനന്തപുരം.
തീയതി:
ഫോൺ നം: 8281098580

# വിജ്ഞാപനം

## ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ്പിനെ സംബന്ധിച്ച വിവരങ്ങൾ

## ( ഭിന്നശേഷി സൗഹൃദ സ്കോളർഷിപ്പ് )

17-01-2023-ലെ സ.ഉ(സാധാ) നം.86/2023/ഉ.വി.വ നമ്പരായുള്ള സർക്കാർ ഉത്തരവ് പ്രകാരം ബ്ലൈൻറ്/പി.എച്ച് എന്ന പേരിലുള്ള സ്കോളർഷിപ്പ് ഭിന്നശേഷി സൗഹൃദ സ്കോളർഷിപ്പ് എന്ന് പുനർനാമകരണം ചെയ്തിരിക്കുന്നു. കേരളത്തിലെ ഹയർസെക്കൻററി/വൊക്കേഷണൽ ഹയർ സെക്കൻററി സ്കൂളുകൾ, സർക്കാർ/എയ്ഡഡ് ആർട് സ് ആൻറ് സയൻസ് കോളേജുകൾ, സംഗീത - ട്രെയിനിംഗ് സംസ്കൃത കോളേജുകൾ എന്നിവിടങ്ങളിൽ ബിരുദാനന്തര ബിരുദം വരെയും സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിൽ ബി.എഡ്/എം.എഡ് എന്നിവയ്ക്കും യൂണിവേഴ്സിറ്റി ഡിപ്പാർട്ടുമെൻറുകൾ എന്നീ സ്ഥാപനങ്ങളിൽ പഠിക്കുന്ന ഭിന്നശേഷി വിദ്യാർത്ഥികളിൽ നിന്നും വരുമാന പരിധി ഉപാധി ഇല്ലാതെ 2022-23 അദ്ധ്യയന വർഷത്തെ ഫീസ് ആനുകൂല്യത്തിനും ബോർഡിങ് ഗ്രാന്റിനും സൗജന്യ ഹോസ്റ്റൽ താമസത്തിനുമുള്ള ആനുകൂല്യത്തിനും വേണ്ടിയുള്ള അപേക്ഷകൾ ഓൺലൈനായി ക്ഷണിക്കുന്നു.

മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികളും ഈ സ്കോളർഷിപ്പിൻറെ പരിധിയിൽ വരുന്നതാണ്.

അപേക്ഷകൾ കോളേജ് വിദ്യാഭ്യാസ വകുപ്പിൻറെ സ്കോളർഷിപ്പ് വെബ്സൈറ്റായ www.dcescholarship.kerala.gov.in ൽ Blind/ PH Scholarship (BPHFC )/ Bhinnaseshi Souhrida Scholarship (BSS) എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കാം. ഓരോ വർഷവും പുതിയ അപേക്ഷകൾ ഓൺലൈൻവഴി സമർപ്പിക്കേണ്ടതാണ്. (സ്കോളർഷിപ്പ് പുതുക്കൽ ഇല്ല)

അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതികൾ-

എ) ഓൺലൈൻ ആയി അപേക്ഷകൾ രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി : **26 / 02/ 2023**

ബി) രജിസ്ട്രേഷനും പ്രിൻറൗട്ടും മറ്റ് അനുബന്ധരേഖകളും സ്ഥാപനമേധാവിക്ക് സമർപ്പിക്കേണ്ട അവസാന തീയതി : **28/ 02/ 2023**

സി) സ്ഥാപന മേധാവികൾ സൂക്ഷ്മ പരിശോധനയ്ക്ക് ശേഷം ഓൺലൈൻ വഴി അപേക്ഷകൾ അംഗീകരിക്കേണ്ട അവസാന തീയതി: **02/ 03/ 2023**

ധനസഹായത്തിൻറെ വിശദവിവരങ്ങൾ താഴെ (പട്ടിക 1ൽ) പറയും വിധമാണ്

| ക്രമ നമ്പർ | ധനസഹായം | വിഭാഗം | തുക |
| --- | --- | --- | --- |
| 1. | ഫീസ് ആനുകൂല്യം | ഭിന്നശേഷി (കാഴ്ച) വിദ്യാർത്ഥികൾക്ക് മാത്രം | 1) ഫീസിന് തുല്യമായ തുക 2) ബുക്ക് അലവൻസ് 500/- രൂപ |
| 2. | ഹോസ്റ്റൽ ചാർജ് | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് | പ്രിൻസിപ്പാൾ അംഗീകരിച്ച അപ്പൻഡിക്സ് 2 പ്രകാരമുള്ള ഫീസ് പരമാവധി 6000/- രൂപ മാത്രം |
| 3. | ബോർഡിങ് ഗ്രാന്റ് | ഹോസ്റ്റൽ ചാർജിനു അർഹത ഇല്ലാത്ത ഭിന്നശേഷിയുള്ള വിദ്യാർഥികൾ | പ്രതിമാസം 400/ - രൂപ പ്രകാരം പരമാവധി 4000/ - രൂപ |

<u>അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ</u>

എ. എസ്.എസ്.എൽ.സി.മാർക്ക് ലിസ്റ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ബി. അപേക്ഷകൻറെ സ്വന്തം പേരിലുള്ള ബാങ്ക് പാസ്സ് ബുക്കിൻറെ ഒന്നാമത്തെ പേജിൻറെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്

സി. മെഡിക്കൽ സർട്ടിഫിക്കറ്റ്: ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ഡി. അവസാനത്തെ യോഗ്യതാ പരീക്ഷയുടെ മാർക്ക്ലിസ്റ്റിൻറെ സ്വയം സാക്ഷ്യപ്പെടുത്തിയ ശരിപ്പകർപ്പ്

ഇ. ഹോസ്റ്റൽ വാർഡൻറെ ഇൻമേറ്റ് സർട്ടിഫിക്കറ്റ് (ഹോസ്റ്റൽ ചാർജ്ജ്-ന് മാത്രം) മാതൃക അപ്പൻറിക്സ് 1- ൽ

<u>ബന്ധപ്പെട്ട മറ്റ് വിവരങ്ങൾ</u>

എ) ഒരിക്കൽ അനുവദിക്കപ്പെട്ട ഫീസ് ആനുകൂല്യമോ, ഹോസ്റ്റൽ ആനുകൂല്യമോ പിന്നീട് പുതുക്കിയ ഫീസ് നിരക്ക് പ്രാബല്യത്തിൽ വരികയാണങ്കിൽ വീണ്ടും പുതുക്കി നൽകുന്നതല്ല.

ബി) ഹോസ്റ്റൽ ഫീസ് ഒരു കുട്ടിക്ക് പരമാവധി പ്രതിമാസം 6000/- രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. സർക്കാർ കോളേജുകൾ ഒഴികെയുള്ള എല്ലാ സ്ഥാപനങ്ങളും ഓരോ വിദ്യാർത്ഥിയുടേയും ചിലവായ തുക സംബന്ധിച്ചുള്ള കണക്കുകൾ (ബില്ലുകൾ വൗച്ചറുകൾ അടക്കം) ഈ കാര്യാലയത്തിൽ തപാൽ മുഖേന സ്കോളർഷിപ്പ് അനുവദിക്കുന്നതിന് മുൻപ് തന്നെ സമർപ്പിക്കേണ്ടതാണ്.

സി).ഹോസ്റ്റൽ ചാർജ്ജ് മുൻകൂറായി നൽകുകയില്ല. വിദ്യാർത്ഥി വിദ്യാഭ്യാസ സ്ഥാപനത്തിൽ പ്രവേശിച്ച തീയതി മുതൽ അക്കാദമിക് വർഷത്തിൻറെ ഡിസംബർ മാസം വരെയുള്ള തുക 1- ആം ഘട്ടമായും, ജനുവരി മുതൽ പരീക്ഷകൾ അവസാനിക്കുന്നതു വരെയുള്ളത് രണ്ടാംഘട്ടമായും പഠിക്കുന്ന സ്ഥാപനം മുഖേന ഹോസ്റ്റൽ ചാർജ് ആവശ്യപ്പെടേണ്ടതാണ്.

ഡി) ഹോസ്റ്റൽ ചാർജ്ജ് ലഭിക്കുന്നതിനായി ഹോസ്റ്റൽ വാർഡൻ ഓരോ വിദ്യാർത്ഥിയുടെയും ഇൻമേറ്റ് സർട്ടിഫിക്കറ്റും ഹോസ്റ്റൽ ഫീസും (appendix 1& 2 ) സ്റ്റേറ്റ്മെൻറിൽ രേഖപ്പെടുത്തി സ്ഥാപനമേധാവിക്ക് നൽകേണ്ടതാണ്.

ഇ) ഏപ്രിൽ/മേയ് മാസങ്ങളിലെ ഹോസ്റ്റൽ ചാർജ്ജ് ക്ലെയിം ചെയ്യുകയാണെങ്കിൽ (വേനലവധി കാലമായതിനാൽ) അതിനുള്ള കാരണം രണ്ടാം ഗഡുവിനായി വിവരങ്ങൾ നൽകുമ്പോൾ സ്ഥാപനമേധാവി/പ്രിൻസിപ്പാൾ/യൂണിവേഴ്സിറ്റികളിലെ വകുപ്പമേധാവി വ്യക്തമാക്കണം.

എഫ്) ഈ പദ്ധതി പ്രകാരം ഫീസ് ആനുകൂല്യം /ബോർഡിങ് ഗ്രാന്റ്/ ഹോസ്റ്റൽ ചാർജ്ജ് ലഭിക്കുന്നവർ G.O(P)